**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ ഫിലിപ്സൺ ജെ ഫിലിപ്പ്, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. എ5- 21090/2022/ജിമെഒ കണ്ണൂർ തീയതി 02.11.2022

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 5589/2023/ആവഡ തീയതി 31.03.2023

3. ഉത്തരവ് നം DHS/5589/2023-EA4 തീയതി 17.06.2025

**ഉത്തരവ് നം. DHS/5589/2023-EA4 തീയതി.12-12-2025**

ഡോ ഫിലിപ്സൺ ജെ ഫിലിപ്പ് (Dr Philipson J Philip), 06.06.2022 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കണ്ണൂർ തലശ്ശേരി ജനറൽ ആശുപത്രിയിൽ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ സേവനത്തിലിരിക്കവെ 07.06.2022 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടീസിന് ഡോ ഫിലിപ്സൺ ജെ ഫിലിപ്പ് മറുപടി സമർപ്പിച്ചിരുന്നില്ല. ഡോ ഫിലിപ്സൺ ജെ ഫിലിപ്പ് ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ്

പുറപ്പെടുവിക്കുന്നതിന് മുൻപായി എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ പതിനഞ്ച് ദിവസത്തിനകം ബോധിപ്പിക്കുന്നതിന് ടിയാൾക്ക് ഒരവസരം കൂടി നൽകി കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിനോടും ടിയാൾ പ്രതികരിച്ചിട്ടില്ല.

**(2)** ടി സാഹചര്യത്തിൽ **07.06.2022** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ഫിലിപ്സൺ ജെ ഫിലിപ്പ്, അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ ഫിലിപ്സൺ ജെ ഫിലിപ്പ്, അസിസ്റ്റന്റ് സർ ജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-12-2025 13:19:49

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Philipson J Philip,**

**Pazhempally, Devakripa,**

**Muttuchira(PO), Kottayam-686613,**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കണ്ണൂർ.
3. സൂപ്രണ്ട്,
ജനറൽ ആശുപത്രി തലശ്ശേരി, കണ്ണൂർ.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ